**File No.PWR-A2/322/2016-POWER**

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഊർജ്ജ വകുപ്പ് - കേരളാസ്റ്റേററ് ഇലക്ട്രിസിറ്റിബോർഡ് ലിമിറ്റഡിൽ, കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ (Measures relating to Safety & Electric Supply)റെഗുലേഷൻസ് , 2010 - ലെ 6 & 7ചട്ടങ്ങളിലെ നിബന്ധനകൾ പ്രാവർത്തികമാക്കുന്നതിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഊർജ്ജ (എ) വകുപ്പ്**

**സ.ഉ.(അച്ചടി) നം.1/2019/ഊ.വ** തീയതി,തിരുവനന്തപുരം, 13/02/2019

പരാമർശം:- 1 സർക്കാർ ഉത്തരവ് നം.206/2016/PD തീയതി 26/10/2016.

2 ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി. - യുടെ 26/11/2018 - ലെ Estt. II/6781/2017 നമ്പർ കത്ത്.

3 19/12/2018 - ൽ ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയും കെ.എസ്.ഇ.ബി. തൊഴിലാളി സംഘടനകളും തമ്മിൽ നടന്ന ചർച്ചയുടെ മിനിട്ട്സ്.

4 ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി. - യുടെ 19/12/2018 - ലെ Estt. II/6781/2017 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേന്ദ്ര ഇല്ക്ട്രിസിറ്റി അതോറിറ്റിയുടെ (Measures relating to Safety & Electric Supply)റെഗുലേഷൻസ് , 2010 - ലെ ചട്ടം 6 & 7 പ്രകാരം വൈദ്യുതി മേഖലയിൽ, ഉത്പാദനം (Generation), പ്രസരണം(Transmission),വിതരണം(Distribution) വിഭാഗങ്ങളിൽ എഞ്ചിനീയർ,സൂപ്പർവൈസർ തസ്തികകളിൽ ജോലിചെയ്യുന്നവർക്ക് നിശ്ചിത വിദ്യാഭ്യാസ യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ മേൽപ്പറഞ്ഞ തസ്തികകളിൽ ജോലിചെയ്യുന്നവരിൽ നിർദിഷ്ട യോഗ്യതയുള്ളവർ കുറവായതിനാൽ നിബന്ധനകൾ നടപ്പിൽവരുത്തുന്നതിൽ സമയമനുവദിക്കണമെന്ന കെ.എസ്.ഇ.ബി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ റെഗുലേഷൻസ്, 2010 -ലെ ചട്ടം-116 ലെ സംസ്ഥാനസർക്കാരിനുള്ള അധികാരം ഉപയോഗപ്പെടുത്തി ,പരാമർശം (1) പ്രകാരം ആറ് മാസക്കാലത്തെ സാവകാശം നൽകിയിരുന്നു.

2. പരാമർശം (2) - ലെ കത്ത് പ്രകാരം, റെഗുലേഷൻസ് , 2010 - ലെ മാനദണ്ഡങ്ങൾ നടപ്പിൽവരുത്താനുള്ള നടപടികൾ കെ.എസ്.ഇ.ബി.യിൽ പുരോഗമിക്കുന്നതായും എന്നാൽ അവ പൂർത്തിയാക്കാൻ 31/03/2019 വരെ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് കെ.എസ്.ഇ.ബി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി. 19/12/2018 - ന് ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയും കെ.എസ്.ഇ.ബി. ലിമിറ്റഡിലെ തൊഴിലാളി സംഘടനകളും തമ്മിൽ ചർച്ച നടന്നു. കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ (Measures relating to Safety & Electric Supply)റെഗുലേഷൻസ് , 2010 നടപ്പിൽ വരുത്തുന്നത്,നിലവിൽ ജീവനക്കാർക്ക്കിട്ടി കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നതിനും,പ്രമോഷനുകൾ നിഷേധിക്കുന്നതിനും കാരണമാകുമെന്നും, റെഗുലേഷൻസ് , 2010 ലെ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ നടപ്പിൽ വരുത്തുന്നതിന് കാലാവധി ദീർഘിപ്പിക്കുന്നത് കൊണ്ട് നിലവിലുള്ള ജീവനക്കാരുടെ താല്പര്യങ്ങളെ സംരക്ഷിക്കുവാൻ പര്യാപ്തമല്ലെന്നും ആയതിനാൽ സി.ഇ.എ.യുടെ നിയമത്തിലെ ജീവനക്കാരുടെ യോഗ്യതസംബന്ധിച്ച മാനദണ്ഡങ്ങളിലെ നിബന്ധനകൾ നടപ്പിൽ വരുത്തുന്നതിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഇളവ് നൽകണമെന്നും ആവശ്യമുയർന്നിരുന്നു. തുടർന്ന് കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ (Measures relating to Safety & Electric Supply)റെഗുലേഷൻസ് , 2010ചട്ടം 6 & 7 പ്രകാരമുള്ള യോഗ്യതാ നിബന്ധനകൾ, കെ.എസ്.ഇ.ബി. ലിമിറ്റഡിലെ നിലവിൽജോലിചെയ്യുന്ന ജീവനക്കാർക്ക് ബാധകമാക്കുന്നതിൽനിന്നും ,പ്രസ്തുതറഗുലേഷനിലെ ചട്ടം 116 പ്രകാരം സംസ്ഥാനസർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ഇളവുനൽകി വ്യതിചലനം വരുത്തുന്നതിന് പരാമർശം (4) പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇക്കാര്യത്തിൽ കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ സി.ഇ.എ. ഇറക്കിയിട്ടുള്ള സുരക്ഷാ നിർദ്ദേശങ്ങളുടെ പ്രാധാന്യവും, തൊഴിലാളി സംഘടനകളുമായി നിയമാനുസൃതം അംഗീകരിച്ചിട്ടുള്ള ദീർഘകാല കരാറുകളുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതും നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന പ്രമോഷനുകൾ അടക്കമുള്ള സർവ്വീസ് ആനുകൂല്യങ്ങൾ തുടർന്നും ലഭിക്കാൻ ജീവനക്കാർക്കുള്ളഅവകാശവും സർക്കാർ കണക്കിലെടുക്കുകയുണ്ടായി. നിലവിലെ തൊഴിൽ വ്യവസ്ഥയിൽ മാറ്റം വരുത്തുന്നത് സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തെയും കാര്യക്ഷമതയേയും പ്രതികൂലമായി ബാധിക്കും.വൈദ്യുതിമേഖലയിൽ തൊഴിൽചെയ്ത് നേടുന്നപ്രവർത്തിപരിചയം ഓരോതസ്തികയിലും കാര്യക്ഷമമായി ജോലിചെയ്യുന്നതിന് പര്യാപ്തമാണ്.മേൽ വസ്തുതകൾ പരിഗണിച്ച് നിലവിലുള്ള ജീവനക്കാരുടെ പ്രമോഷനുകൾ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച തന്നെ തുടരാൻ അനുവദിച്ച് ,സി . ഇ . എ. റഗുലേഷൻ-2010, ചട്ടം 116(1) പ്രകാരം

സംസ്ഥാന സർക്കാരിൽനിക്ഷിപ്തമായ അധികാരം ഉപയോഗിച്ച്, പ്രസ്തുത റഗുലേഷനിലെ ചട്ടം 6 & 7 പ്രകാരമുള്ള യോഗ്യതാ നിബന്ധനകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ നിലവിലെ ജീവനക്കാർക്ക് നടപ്പിൽവരുത്തുന്നതിൽ ഇളവുനൽകി വ്യതിചലനം വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഈ ഉത്തരവിന് ശേഷം കെ.എസ്.ഇ.ബി. ലിമിറ്റഡിൽ താല്ക്കാലികവും സ്ഥിരമായും സർവീസിൽ പ്രവേശിക്കുന്നവരുടെ നിയമനങ്ങൾക്കും പ്രമോഷനുകൾക്കും കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ (Measures relating to Safety & Electric Supply)റെഗുലേഷൻസ് , 2010 പ്രകാരമുള്ള യോഗ്യതാ നിബന്ധനകൾ നിർബന്ധമായിരിക്കുന്നതാണ്. വൈദ്യുതി ലൈനുകൾ മറ്റു പ്രതിഷ്ഠാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ജോലി ചെയ്തു വരുന്ന നിലവിലുള്ള മുഴുവൻ ജീവനക്കാർക്കും അപകടരഹിതമായി ജോലി നിർവഹിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നതിനാവശ്യമായ ക്രമീകരണം കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ഉഷ ടൈറ്റസ്
പ്രിൻസിപ്പല് സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,

വൈദ്യുതി ഭവൻ, പട്ടം, തിരുവനന്തപുരം.

സെക്രട്ടറി,കെ.എസ്.ഇ.ബി. ലിമിറ്റഡ്

സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ,

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക( വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAMEEM MUHAMMED B N
Date: 2019.02.13 16:13:34 IST
Reason: Approved
സെക്ഷൻ ഓഫീസർ